

# PARISH News

MONTHLY NEWS BULLETIN OF ST. MARY'S ORTHODOX CATHEDRAL, ERNAKULAM

VOL : 3 ● ISSUE : 8 AUGUST 2009

## എഡിറ്റോറിയൽ

# നമ്മുടെ കഴിവും ദൈവവിശ്വാസവും

ആകയാൽ നീ ചെല്ലുക. ഞാൻ നിന്റെ വായോടുകൂടെയിരുന്നു നീ സംസാരിക്കേണ്ടത് നിനക്ക് ഉപദേശിച്ചുതരും (പുറ 4:11-12). മോശ 40 വർഷത്തോളം മരുഭൂമിയിൽ കഴിഞ്ഞിട്ട് ഫറവോന്റെ അടുക്കലേക്കു പോകുവാൻ ദൈവത്താൽ വിളിക്കപ്പെടുന്നു. എന്നാൽ മോശ തന്റെ വിക്കിനെക്കുറിച്ചും കഴിവുകേടിനെക്കുറിച്ചും ദൈവത്തോടു പറയുന്നു. അപ്പോഴാണ് മുകളിൽ പറഞ്ഞ ദൈവവചനം മോശക്കു വെളിപ്പെട്ടത്. നമ്മുടെ ബലഹീനത മറച്ചുവച്ച് ദൈവത്തെ സമീപിക്കരുത്. ബലഹീനത ദൈവത്തോടു തുറന്നു സമ്മതിച്ചാൽ ദൈവം അതിനു പരിഹാരമുണ്ടാക്കും.

ഡേവിഡ് ലിവിങ്സ്റ്റന്റെ ജീവചരിത്രം ഇതിനൊരു ഉദാഹരണമാണ്. ലോകപ്രശസ്ത മിഷനറിയായിരുന്ന അദ്ദേഹത്തിന് വിദ്യാർത്ഥിയായിരുന്നപ്പോൾ പ്രസംഗിക്കാനറിയില്ലായിരുന്നു. സ്റ്റാൻഫോർഡ് റിവേഴ്സ് എന്ന സ്ഥലത്തെ ദേവാലയത്തിൽ പ്രസംഗിക്കേണ്ടിവന്നപ്പോൾ എല്ലാ കാര്യങ്ങളും മറന്നുപോയ സംഭവം അദ്ദേഹം വിവരിക്കുന്നുണ്ട്. പിന്നീട് അദ്ദേഹം പറഞ്ഞിട്ടുണ്ട്, അദ്ദേഹത്തിന്റെ പ്രസംഗം ഉണ്ടെന്നു നേരത്തെ അറിഞ്ഞാൽ പലയാളുകളും പള്ളിയിൽ വരാതിരിക്കുമെന്ന്. ഈ ബോധമുണ്ടായിരുന്നതുകൊണ്ടായിരിക്കണം അദ്ദേഹം ലോകപ്രശസ്ത മിഷനറിയായത്. അദ്ദേഹം മരിച്ചപ്പോൾ പത്രക്കാർ ഇങ്ങനെ എഴുതി. ഡേവിഡ് ലിവിങ്സ്റ്റന് സ്മാരകങ്ങൾ ഉണ്ടാക്കേണ്ട ആവശ്യമില്ല. അദ്ദേഹത്തിന്റെ പ്രവർത്തിയും, ജീവിതവും ഏതു സ്മാരകത്തേക്കാളും വലുതാണ്. മാർബിൾ പൊടിഞ്ഞുപോയാലും അതു ജീവനുള്ള കല്ലായി ശേഷിക്കും.

നമുക്കുള്ളത് ദൈവനാമത്തിൽ കൊടുത്താൽ പ്രതിഫലം അനേകം ഇരട്ടിയായിരിക്കും. സാരേഫാത്തിലെ വിധവയുടെ വീട്ടിൽ ആകെ ഒരു നേരത്തെ ഭക്ഷണത്തിനുള്ള ഗോതമ്പുമാവും എണ്ണയും മാത്രമേ ഉണ്ടായിരുന്നുള്ളു. അതു ഭക്ഷിച്ച ശേഷം മരിക്കാമെന്നുവിചാരിച്ചിരിക്കുമ്പോഴാണ് ദൈവപുരുഷനായ ഏലിയാവ് കടന്നുചെന്ന് അതിന്റെ പങ്ക് ആവശ്യപ്പെട്ടത്. വിധവ ഒന്നുമാലോചിക്കാതെ അതിന്റെ പങ്ക് പ്രവാചകനു കൊടുത്തതുകൊണ്ട് ക്ഷാമകാലം മുഴുവൻ അവളുടെ പാത്രത്തിലെ മാവും, എണ്ണയും കുറഞ്ഞുപോയില്ല. നാം ദൈവനാമത്തിൽ നമ്മുടെ കഴിവോ, പണമോ എന്തുകൊടുത്താലും അതു പതിന്മടങ്ങായി ദൈവം തിരികെ തരും. നമുക്ക് കഴിവില്ല, അല്ലെങ്കിൽ പണമില്ല അതുകൊണ്ട് ഞാനാരെയും സഹായിക്കയില്ല. ദൈവത്തിന്റെ ധാർമ്മിക നിയമത്തിൽ എനിക്കു വിശ്വാസമില്ല എന്നു പറയാതെ നമ്മളെക്കൊണ്ട് കഴിയുന്നത് ചെയ്യുവാൻ ശ്രമിക്കണം. ദേവാലയം പണിത തൊഴിലാളിയുടെ മകൾ പറഞ്ഞതുപോലെ, ഞാനും കൂടിയാണ് ഈ ദേവാലയം പണിതത് എന്നുപറയാൻ സാധിക്കണം. അവൾ അവളുടെ അച്ഛനു ചോറു കൊണ്ടുപോയി കൊടുക്കാനായി ദേവാലയം പണിയുന്നിടത്ത് പോയതേയുണ്ടായിരുന്നുള്ളൂ. എങ്കിലും അവളെക്കൊണ്ട് കഴിവത് ചെയ്തു എന്നു വിശ്വസിച്ചു. ■

# ട്രാഫിക് സിഗ്നലുകൾ

(ഡോ. യാക്കോബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്ത)



പൊതു നിരത്തുകളിൽ വാഹനങ്ങളുടെ നിര നീണ്ടതോടെ, ട്രാഫിക് സിഗ്നലുകളുടെ വരവായി. എന്നാൽ സിഗ്നലുകൾ വഴിയുള്ള നിയന്ത്രണം അത്ര ഇഷ്ടപ്പെടാത്തവരുമുണ്ടാകും. വേഗം ഒരു ഹരമായവർക്കാണ് നിരത്തിലെ നിയന്ത്രണത്തിന്റെ ചുവപ്പുനിറം അത്ര രുചിക്കാത്തത് എന്നു തോന്നുന്നു. ഇത്തരം നിയന്ത്രണങ്ങളൊന്നുമില്ലാതെ എവിടെയും അനന്തമായ Free way എന്നു സ്വപ്നം കാണുന്നതു കുറ്റമല്ലായിരിക്കാം. എങ്കിലും യാത്രികരായ സഹജീവികൾ ധാരാളമുള്ള ഈ ഭൂമിയിൽ എല്ലാവഴികളും Free way ആവുക അസാധ്യം.

സിഗ്നലുകൾ മുഖേനയുള്ള ഹ്രസ്വ നിയന്ത്രണങ്ങൾ ഇല്ലായിരുന്നെങ്കിൽ ഗതാഗതത്തിന്റെ ഗതി എന്താകുമായിരുന്നു. പ്രത്യേകിച്ച് ഇന്ത്യയിൽ. നിരത്തിലിറങ്ങിയാൽ സ്വന്തം പറമ്പിലൂടെ നിർബാധം പ്രയാണം ചെയ്യുകയാണ് എന്നാണ് പലരും ധരിച്ചു വശായിരിക്കുന്നത്. വഴിമാറിക്കൊടുക്കാനും സിഗ്നൽ വിളക്കുകളിലെ നിറഭേദങ്ങൾ കൃത്യമായി പാലിക്കാനും വൈമുഖ്യം കാട്ടുന്നയാളുകൾ ഏറെയുള്ളത് നമ്മുടെ നാട്ടിൽത്തന്നെ ആയിരിക്കാം. അത്രയ്ക്കു വ്യക്തിനിഷ്ഠമാണ് നമ്മുടെ ജീവിത തത്വശാസ്ത്രവും കാഴ്ചപ്പാടുകളും.

നാം വസിക്കുന്ന സമൂഹത്തിൽ പലതരം മനുഷ്യരും, മറ്റു ജീവികളുമുണ്ട്. വൈവിദ്ധ്യമാണ് സൃഷ്ടിയുടെ തന്നെ മുഖമുദ്ര. ജീവിക്കുക, ജീവിക്കാനനുവദിക്കുക എന്ന പ്രമാണം മനുഷ്യനും മറ്റെല്ലാ ജീവജാലങ്ങൾക്കും പ്രകൃതിക്കുമെല്ലാം ഒരുപോലെ ബാധകമാണ്. അക്കാരണത്താൽത്തന്നെ സ്വാതന്ത്ര്യമെന്ന സങ്കൽപത്തിന് ഇഷ്ടംപോലെ ഒരു നിർവ്വചനമുണ്ടാക്കാനാകില്ല. കാരണം നമ്മുടെ ജീവിതവും ചലനങ്ങളും മറ്റു ജീവിതങ്ങളുമായി അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. എല്ലാവരുടെയും ജീവിത വ്യാപാരങ്ങൾ സുഗമവും സ്വച്ഛന്ദവുമാകുമ്പോഴേ സ്വാതന്ത്ര്യം പൂർണ്ണമാകുന്നുള്ളൂ. മറിച്ചായാൽ ഒരുവന്റെ സ്വാതന്ത്ര്യം മറ്റൊരുവന്റെ നിലനിൽപ്പിനെ തന്നെ ഭീഷണിപ്പെടുത്തുന്നതായിത്തീരാം.

വ്യക്തിജീവിതത്തിലും സമൂഹജീവിതത്തിലും അനന്തമായ സ്വാതന്ത്ര്യം അഭിലഷിക്കുന്നവരാണ് അധികം മനുഷ്യരും. ഇത് ഒരുതരം സ്വാർത്ഥപരമായ കാഴ്ചപ്പാടാണെന്ന് ഗ്രഹിക്കാൻ ബുദ്ധിമുട്ടില്ല.

പൊതുനിരത്തിൽ ഗതാഗതം നിർവിഘ്നം നടക്കണമെങ്കിൽ ഹ്രസ്വവും നിശ്ചിതവുമായ നിറഭേദങ്ങളുടെ ട്രാഫിക് സിഗ്നൽ വിളക്കുകൾ തെളിയുക തന്നെ വേണം.

ചുവപ്പുവെളിച്ചം എതിരിടുമ്പോൾ അത് വിരസത വരുത്തുന്ന വഴിമുടക്കിയാണെന്ന് തോന്നിയേക്കാം. സിഗ്നലിന്റെ പച്ച നിറം കാണുമ്പോഴുണ്ടാകുന്ന ആനന്ദാതിരേകത്തിൽ ചുവപ്പുവിളക്കിനെ സമൂലം വിസ്മരിക്കാനാണു സാദ്ധ്യത. എങ്കിലും ഒന്നോർത്താൽ, സിഗ്നലിലെ നിറഭേദങ്ങളുടെ അരങ്ങേറ്റം അവശ്യവും അനിവാര്യവുമാണെന്നു ബോദ്ധ്യമാകും. ഈ നിറങ്ങളുടെ 'കുടമാറ്റ'മാണ് ഗതാഗതത്തിലെ അപകടങ്ങൾ ഒഴിവാക്കുന്നത്.

മേൽപ്പറഞ്ഞ സത്യം ജീവിതരംഗങ്ങളിലും അത്യന്തം നിർണ്ണായകമാണ്. അവനവന്റെ ഇഷ്ടംപോലെ എന്നരീതിയിൽ നയിക്കേണ്ടവയല്ല വ്യക്തിജീവിതവും സമൂഹജീവിതവും. മതങ്ങളും ഈ അപകടത്തെപ്പറ്റി ജനങ്ങളെ ബോധവത്ക്കരിക്കേണ്ടതാണ്. സമീപനാളുകളിൽ ഇന്ത്യയിലെ പ്രധാന നഗരങ്ങളിൽ അരങ്ങേറിയ Queer Pride Parade എന്ന പ്രതിഭാസം സമൂഹത്തിന്റെ നന്മയും വിശുദ്ധിയും പുരോഗതിയും കാംക്ഷിക്കുന്നവരുടെ കണ്ണുതുറപ്പിക്കേണ്ടതാണ്. വ്യക്തിസ്വാതന്ത്ര്യം അനിയന്ത്രിതമായി അതിരുകടന്നാൽ സമൂഹം നിലനിൽക്കുമോ, അതോ വിഘടിതമാകുമോ എന്നത് ഗൗരവമായിത്തന്നെ പരിഗണിക്കേണ്ടതാണ്. സദാചാരം എന്നാൽ കാലദേശപരിഗണനയ്ക്കതീതമായി, എപ്പോഴും എന്നും ആചരിച്ചുകൊണ്ടിരിക്കേണ്ട മാർഗ്ഗമാണ്. ചിലതെല്ലാം പഴഞ്ചനായിപ്പോയി, ലോകം നവീനമായി എന്നൊക്കെ പറഞ്ഞുവച്ചിട്ട്, അതിന്റെ മറവിൽ അവ്യവസ്ഥിതിയുടെയും, അരാജകത്വത്തിന്റെയും വിത്തുപാകുന്നത് അക്ഷന്തവ്യമായ അപരാധമാണ്. പലകാര്യങ്ങളെപ്പറ്റിയും പരിഗണിക്കുമ്പോൾ, അവ ആദിയിൽ എങ്ങനെയായിരുന്നു എന്നുകൂടി പരിശോധിക്കണമെന്ന് ലോകരക്ഷകൻ മുന്നറിവു നൽകുന്നുണ്ട്. പുരോഗതിയുടെ ലേബലിൽ, പല ആദിരൂപങ്ങളേയും തള്ളിപ്പറയുന്നത് ഒരു ഫാഷനായിട്ടാണ്. അതിരുകളും, വിലക്കുകളും, നല്ല ഉത്തേജനങ്ങളും നിഷേധിക്കപ്പെടുന്ന സമൂഹത്തിൽ വളരെവേഗം എല്ലാത്തരം അരാജകത്വങ്ങളും തലയുയർത്തും. ഇത്തരം നിഷേധങ്ങൾ വിപ്ലവമാണെന്ന് വ്യവഹരിക്കുന്നവരുണ്ടാവാം. പ്രതിവിധികളില്ലാത്ത പുതിയ പുതിയ രോഗങ്ങളും, കാലാവസ്ഥയിലെ വ്യതിയാനങ്ങളും അഗണ്യമായി കരുതാവുന്നവയല്ലല്ലോ.

ട്രാഫിക് സിഗ്നൽ വിളക്കുകൾ തെളിഞ്ഞുശോഭിക്കട്ടെ. പച്ചയും മഞ്ഞയും ചുവപ്പും മാറി മാറി പ്രത്യക്ഷപ്പെടട്ടെ. അത് ശാപവും വഴിമുടക്കുമല്ല. ഐശ്വര്യത്തിന്റെ രാജപാതയിലെ വഴികാട്ടികൾ തന്നെയാണ്. ■

## വികാരിയുടെ കത്ത്



# സഭയുടെ അജപാലനശുശ്രൂഷയിലെ ത്രിമാനമുഖങ്ങൾ

Fr. P.I. Varghese, Asst. Vicar

വികസനത്തിന്റെയും സാക്ഷ്യത്തിന്റെയും പാതയിൽ തനതായ മാർഗ്ഗദീപങ്ങൾ തെളിയിച്ചുകൊണ്ട് പ്രതിസന്ധികളും പ്രയാസങ്ങളും അഭിമുഖീകരിക്കുമ്പോഴും മുമ്പോട്ടുള്ള കുതിപ്പിന്റെ ആവേശം ഉജ്ജ്വലമാക്കുന്ന കത്തീഡ്രൽ ഇടവകയെ അഭിമാനത്തോടെയാണ് നോക്കിക്കാണുന്നത്. ഒരുമയോടെ പ്രവർത്തിക്കുകയും വിസ്മയകരമായ വിജയങ്ങൾ കൈവരിക്കുകയും ചെയ്യുമ്പോൾ നമുക്ക് മനസ്സിലാകുന്ന ഒരു സത്യമുണ്ട്. ദൈവാനുഗ്രഹമാണ് നമ്മുടെ യഥാർത്ഥ കൈമുതൽ എന്ന്. അനസ്യൂതമായ വളർച്ചയിലൂടെ സമൂഹത്തിലെ സാന്നിദ്ധ്യവും സാംഗത്യവും പ്രസക്തമാക്കുവാൻ നമുക്ക് കഴിയട്ടെ എന്ന് ആമുഖമായി ആശംസിക്കുന്നു.

സഭയ്ക്ക് എക്കാലവും സമൂഹത്തിൽ നിർവ്വഹിക്കുവാനുള്ള ശുശ്രൂഷ പ്രധാനമായും മൂന്നുവിധത്തിലാണുള്ളത്. അതിനുള്ള ദർശനവും മാർഗ്ഗരേഖയും തിരുവചനത്തിൽ നിന്നാണ് നാം സ്വീകരിക്കുന്നത്. സഭ സമൂഹത്തിൽ ഒരു പ്രവാചകനെപ്പോലെയും ഒരു അപ്പോസ്തലനെപ്പോലെയും നിലകൊള്ളേണ്ടതാണ്. അപ്പോഴാണ് സഭയുടെ പ്രസക്തി എല്ലാ തലങ്ങളിലേക്കും വ്യാപിക്കുന്നത്. ഇടവകതലത്തിൽ ഈ ആശയം വളരെ സുപ്രധാനമാണ്. കാരണം, സഭയുടെ അടിസ്ഥാനഘടകമാണല്ലോ ഇടവക. ഒരു വ്യക്തി പൗരോഹിത്യ പദവിയിലേക്ക് പ്രവേശിക്കുമ്പോഴും ഏറ്റെടുക്കുന്നത് ഈ ത്രിമുഖ ശുശ്രൂഷയാണ്-പ്രവാചക, അപ്പോസ്തല ഇടയത്വ ശുശ്രൂഷകൾ.

### 1) സഭയുടെ പ്രവാചകശുശ്രൂഷ (Prophetic Ministry) (യെഹസ്കേൽ 33:1-20)

ദൈവത്തിന്റെ ശ്രദ്ധയോടുകൂടിയ കാവൽക്കാരനാണ് പ്രവാചകൻ. പട്ടണത്തിന് ചുറ്റുമുള്ള കോട്ടവാതിലിൽ ഗോപുരകവാടത്തിങ്കൽ ഉയരത്തിലുള്ള മാളികയിലാണ് താമസം. കാഹളമാണ് തന്റെ ഉപകരണങ്ങളിൽ പ്രധാനമായിട്ടുള്ളത്. സമാധാനത്തിന്റെയും യുദ്ധത്തിന്റെയും ഉത്സവത്തിന്റെയും സമയങ്ങളിൽ വ്യത്യസ്തമായ സ്വരത്തിൽ കാഹളം ഊതണം. ജനം കാഹളധ്വനികേട്ട് സന്ദർഭോചിതമായി പ്രതികരിക്കണം. സാഹചര്യങ്ങൾ തിരിച്ചറിഞ്ഞ് ഉണരണം. ഉയരണം. ആ നിലയിൽ ശത്രുവിന്റെ സാന്നിദ്ധ്യം ആദ്യം അറിയുന്നതും ജനത്തെ യുദ്ധത്തിന് സജ്ജരാക്കുന്നതും ഒരു കാവൽക്കാരന്റെ ഗൗരവമേറിയ ചുമതലയാണ്. ഈ ഒരു ദൗത്യമാണ് സഭയ്ക്കും സമൂഹത്തിൽ നിർവ്വഹിക്കുവാനുള്ളത്. ദൈവവചനമാകുന്ന കാഹളം ജനത്തെ കേൾപ്പിക്കുവാനും, സമൂഹത്തിൽ തിന്മയുടെയും പൈശാചികശക്തികളുടെ വളർച്ചയും സ്വാധീനവും തടയുവാനും ജാഗരൂകനായി നിൽക്കുന്ന ഒരു കാവൽക്കാരന്റെ സ്ഥാനത്താണ് സഭ ദൈവവചനപ്രഘോഷണവുമായി നിൽക്കുന്നത്. ഇത് സഭയുടെ പ്രവാചകശുശ്രൂഷയാണ്.

### 2) സഭയുടെ അപ്പോസ്തലശുശ്രൂഷ (Apostolic Ministry) (2 കോരി. 5:20)

ശുശ്രൂഷസ്ഥാനികളിൽ, കർത്താവിന്റെ സ്ഥാനപതികളായ അപ്പോസ്തലന്മാർ തന്നെ പ്രഥമഗണനീയർ. കാരണം അവർക്ക് ലഭിച്ച കൃപാവരങ്ങളും, അധികാരങ്ങളും കർത്താവിൽ നിന്ന് നേരിട്ട് ലഭിച്ചിട്ടുള്ളവയാണ്. പരിശുദ്ധനായ പൗലൂസ് ശ്ലീഹാ തന്നെപ്പറ്റി പറയുന്നതും, സഭയെക്കുറിച്ച് പ്രതീക്ഷിക്കുന്നതും ഒരു അപ്പോസ്തലശുശ്രൂഷയാണ്. യേശുക്രിസ്തുവിന്റെ സ്ഥാനപതികളായിട്ടാണ് (Ambassadors) സഭ സമൂഹത്തിൽ നിലകൊള്ളുന്നത്. അപ്പോസ്തലൻ എന്ന വാക്കിന് അയയ്ക്കപ്പെട്ടവൻ എന്നാണല്ലോ അർത്ഥം. ഒരു രാജ്യത്തിന്റെ നയവും നിയമങ്ങളും മറ്റൊരു രാജ്യത്തിന്റെ നയങ്ങളും നിയമങ്ങളുമായി രമ്യപ്പെടുത്തിക്കൊണ്ടുപോവുക, ഇരുരാജ്യങ്ങളുമായി വാണിജ്യവ്യവസായ കരാറുകളിൽ ഏർപ്പെടുക, കുടിയേറിപ്പാർക്കുന്നവരുടെ പൗരത്വം സംരക്ഷിക്കുക, പ്രവാസികളുടെ ക്ഷേമം ഉറപ്പാക്കുക, രാജ്യങ്ങൾ തമ്മിൽ സൗഹൃദ നയതന്ത്രബന്ധങ്ങൾ സ്ഥാപിക്കുക തുടങ്ങി ഒട്ടനവധി കാര്യങ്ങൾ അംബാസഡറുടെ കർത്തവ്യമാണ്. ദൈവരാജ്യനീതിയും, സന്തോഷവും, സമാധാനവും ഈ ലോകത്തിൽ സംജാതമാക്കി ദൈവനാമവും, ദൈവഇഷ്ടവും സ്വർഗ്ഗത്തിലെപ്പോലെ ഭൂമിയിലും നിലനിർത്തുവാൻ സഭ പ്രതിജ്ഞാബദ്ധമാണ്. കർത്താവ് ഏൽപ്പിച്ചിരിക്കുന്ന ഈ ദൗത്യം നിറവേറ്റുന്നത് സഭയുടെ അപ്പോസ്തല ശുശ്രൂഷയാണ്.

### 3) സഭയുടെ ഇടയത്വ ശുശ്രൂഷ (Pastoral Ministry) (യോഹ. 21:15-19)

പട്ടക്കാരെ ഇടയന്മാരെന്നും സംബോധനചെയ്യാറുണ്ട്. നല്ല ഇടയനായ യേശുക്രിസ്തു കാണിച്ച വഴിയിലൂടെ പ്രയാണം ചെയ്യുവാൻ സഭാംഗങ്ങളെ സഹായിക്കുന്നതിന് നിയോഗം ലഭിച്ചിട്ടുള്ളവരാണ് സഭാശുശ്രൂഷകരായ ഇടയന്മാർ. ഒരു നല്ല ഇടയൻ നമുക്ക് ഒന്നാംതരം വഴികാട്ടിയും നേതാവുമാണ്. ജനത്തെ മേയിച്ച് പരിപാലിക്കുക എന്നതാണ് ഒരിടയന്റെ സുപ്രധാന ചുമതല. ഈ Feeding & Leading എന്ന ഇടയത്വശുശ്രൂഷയിലെ രണ്ടു ചുമതലകളും സഭാനേതൃത്വത്തിന്റെ അനിവാര്യമായ മുഖമുദ്രകളുമാണ്. ഒരു പ്രാദേശിക സമൂഹത്തെ സദാചാരത്തിലും സൽപ്രവർത്തികളിലും നടത്തുവാനും വളർത്തുവാനും സഭ എപ്പോഴും സന്നദ്ധമായിരിക്കണം. വഴിതെറ്റാതെയുള്ള യാത്ര മാത്രമേ ലക്ഷ്യസ്ഥാനത്ത് എത്തിച്ചേരുകയുള്ളൂ. അശ്രദ്ധകൊണ്ട് കൂട്ടം വിട്ടുപോകുവാനും സമയാസമയങ്ങളിൽ ആഹാരം ലഭിക്കാതെ മേച്ചിൽപുറങ്ങളിൽ നിന്ന് ആടുകൾ നഷ്ടപ്പെടുവാനും ഇടയാകരുത്. ഇടയന്റെ കൈയ്യിലുള്ള ഒരു വടി നാം കണ്ടിട്ടുണ്ട്. തന്റെ ദൗത്യനിർവ്വഹണത്തിന് സഹായിക്കുന്ന ഒരു ഉപകരണമാണ് എപ്പിസ്കോപ്പൽ സഭകളിലെ മേൽപ്പട്ടക്കാർ ആരാധനകളിൽ ഉപയോഗിക്കുന്ന അംശവടി. ഇത് ഇടയവടിയെ സൂചിപ്പിക്കുന്നതാണ്. ഈ വടി സങ്കീർത്തനക്കാരൻ പറയുന്നതുപോലെ "നിന്റെ വടിയും കോലും എന്നെ ആശ്വസിപ്പിക്കുന്നു" എന്ന അനുഭവതലത്തിലേക്ക് ആടുകളെ നയിക്കുമ്പോഴാണ് അർത്ഥപൂർണ്ണമാകുന്നത്. അതായത് ഇടയന്റെ സാന്നിദ്ധ്യം, സാന്ത്വനം, കരുതൽ, സംരക്ഷണം, സ്നേഹം തുടങ്ങിയവ ആടുകളിലേക്ക് ഒഴുകിച്ചെല്ലുമ്പോൾ ഇടയത്വശുശ്രൂഷയും യാഥാർത്ഥ്യമാകുന്നു. നമ്മുടെ ഇടവകയുടെ അജപാലന ദൗത്യത്തിൽ ഈ ത്രിമാനമുഖങ്ങൾ സ്വയപരിശോധനയ്ക്ക് വിധേയമാക്കാം. ■

# പരീക്ഷ (Temptation)

പി.റ്റി. ജോൺ

ഒരുവന്റെ നീതിബോധവും, സ്വഭാവ ദാർഢ്യതയും പരീക്ഷകൾ ഉണ്ടാകുമ്പോൾ വെളിപ്പെടുന്നു. പ്രലോഭനങ്ങൾ മനുഷ്യനെ തെറ്റുചെയ്യുവാൻ പ്രേരിപ്പിക്കുന്നു.

യഹോവയുടെ നിർദ്ദേശങ്ങൾക്കു വിപരീതമായി തോട്ടത്തിന്റെ നടുവിലുള്ള വൃക്ഷത്തിന്റെ ഫലം തിന്നുവാൻ സാത്താൻ പാമ്പിൽകൂടി സ്ത്രീയെ പ്രലോഭിപ്പിച്ചു. അവൾ അതു പറിച്ചു തിന്നിട്ട് തന്റെ ഭർത്താവിനും കൊടുത്തു. തന്മൂലം ദൈവം അവരെ ഏദൻതോട്ടത്തിൽ നിന്നു പുറത്താക്കി.

പരീക്ഷയിലേക്കു കടത്താതെ ദുഷ്ടനിൽ നിന്ന് ഞങ്ങളെ വിടുവിക്കണമേയെന്ന് കർത്താവു പഠിപ്പിച്ച പ്രാർത്ഥനയിലുണ്ടല്ലോ.

പരീക്ഷയിൽ അകപ്പെടുത്തുവാൻ സാത്താൻ എപ്പോഴും ശ്രമിക്കുന്നു. യേശുവിനെപ്പോലും പരീക്ഷിക്കുവാൻ അവൻ ധൈര്യപ്പെട്ടു. സ്നാപക യോഹന്നാനിൽ നിന്നും സ്നാനം ഏറ്റ് പരിശുദ്ധാത്മാവു നിറഞ്ഞവനായി യോർദ്ദാൻ വിട്ടു മടങ്ങിയ ക്രിസ്തുവിനെ മരുഭൂമിയിൽവച്ച് പിശാച് നാൽപതു ദിവസം പ്രലോഭനപ്പെടുത്തിക്കൊണ്ടിരുന്നു.

വിശ്വസ്തനായ ദൈവം നമ്മുടെ കഴിവിനപ്പുറമായുള്ള പരീക്ഷകളിൽ നിന്ന് രക്ഷപ്പെടാനുള്ള ബുദ്ധിയും ശക്തിയും നമുക്കു തരുമെന്ന് പൗലോസ് ശ്ലീഹാ പറഞ്ഞിട്ടുണ്ട്. (1 കോരി - 10:13)

പരീക്ഷിക്കപ്പെടുമ്പോൾ, ദൈവം പരീക്ഷിക്കുന്നു എന്ന് പറയരുത്. ദൈവം ആരെയും പരീക്ഷിക്കുന്നില്ല. ഓരോരുത്തരും അവരവരുടെ പാപപങ്കിലമായ ദുർമ്മോഹങ്ങൾക്കിരയാകുന്നുവെന്ന് യാക്കോബ് എഴുതിയ ലേഖനത്തിൽ പറയുന്നു. (യാക്കോബ് 1:13)

സാത്താൻ നമ്മെ പരീക്ഷയിൽ അകപ്പെടുത്തുവാൻ സദാ ശ്രമിച്ചുകൊണ്ടേയിരിക്കും. അവന്റെ പ്രലോഭനങ്ങളിൽ വീഴാതെ നമ്മെ രക്ഷിക്കുവാൻ യേശുക്രിസ്തു പഠിപ്പിച്ചതുപോലെ നമുക്കു നിരന്തരം പ്രാർത്ഥിക്കാം. ■




The MGOCSM unit of our Cathedral, conducted the 'Merit Evening' 09 on 26th July 2009. Thirtyfive students were honoured for their meritorious academic achievements in the Xth, XIIth and College level classes. Rev. Fr. O.V. Elias, presided over the function. Prof. Abraham K. Koshy, chief guest of the function addressed the audience and distributed prizes. Rev. Fr. P. I. Varghese gave an overview about the function. Rev. Fr. Prince Mathew, Mr. K. K. George & Mr. Mamman Abraham felicitated the students. Ms. Elizabeth V. Mathew spoke on behalf of the prize winners and a vote of thanks was proposed by Ms. Wilna T. Wilson.
















## ഭദ്രാസന വിശേഷങ്ങൾ

### അഭിവന്ദ്യ ഡോ. യാക്കോബ് മാർ ഐറേനിയോസ് തിരുമനസ്സിലെ ഷഷ്ഠ്യബ്ദിപൂർത്തി ആഘോഷം

2009 ഓഗസ്റ്റ് മാസം 16-ാം തീയതി കലൂർ എ.ജെ. ഹാളിൽ വച്ച് നടത്തുവാൻ തീരുമാനിച്ചിരിക്കുന്ന, ഇടവക മെത്രാപ്പോലീത്താ തിരുമനസ്സിലെ ഷഷ്ഠ്യബ്ദിപൂർത്തി ആഘോഷത്തിന്റെ ഒരുക്കങ്ങൾ കൃത്യമായി നടന്നുവരുന്നു. തൃശൂരിലും എറണാകുളത്തുമായി രണ്ട് സമ്മേളനങ്ങളാണ് ക്രമീകരിച്ചിട്ടുള്ളത്. അനുമോദന സമ്മേളനം അത്യന്തം ഉജ്ജ്വലമാക്കിത്തീർക്കുവാൻ വിവിധ കമ്മറ്റികൾ രൂപീകരിച്ച് ആവശ്യമായ ക്രമീകരണങ്ങൾ ചെയ്തുവരുന്നു. ബ. ഒ.വി. ഏലിയാസ് അച്ചനെ ജനറൽ കൺവീനറായും മറ്റുകമ്മറ്റികളുടെ കൺവീനറന്മാരായി ഫാ. കെ.റ്റി. ഫിലിപ്പ് (പ്രോഗ്രാം), ഫാ. ബിജു എബി മാത്യു (ഫിനാൻസ്), ഫാ. പി. ഫിലിപ്പോസ്(വോളന്റിയേഴ്സ്), ഫാ. ജിയോ ജോർജ്ജ് (ഫുഡ്), ഫാ. സൈമൺ ജോസഫ് (പബ്ലിസിറ്റി), ഫാ. തോമസ് കെ. ഏലിയാസ് (സ്റ്റേജ്), ഫാ. പി.ഐ. വർഗീസ് (റിസപ്ഷൻ) എന്നിവരേയും തെരഞ്ഞെടുത്തു. പ്രസ്തുത കൺവീനറന്മാരും കമ്മറ്റിയംഗങ്ങളും ജൂലൈ 19-ാം തീയതി വൈറ്റില സെ. ഗ്രീഗോറിയോസ് പള്ളിയിൽ ചേർന്ന് വിശദാംശങ്ങൾ ചർച്ചചെയ്ത് വിലയിരുത്തി. അടുത്ത ആലോചനായോഗം ഓഗസ്റ്റ് മാസം 2-ാം തീയതി ഞായറാഴ്ച 5 മണിക്ക് വൈറ്റില സെ.ഗ്രിഗോറിയോസ് പള്ളിയിൽ ചേരുവാനും തീരുമാനിച്ചു.

## കുടുംബ വിശേഷങ്ങൾ

### വിശേഷദിവസങ്ങൾ

ഓഗസ്റ്റ്

6 വ്യാഴം : മറുരൂപ പെരുന്നാൾ. പെരുനാട് അലക്സിയോസ് മാർ തേവേദോസിയോസ് തിരുമേനിയുടെ ഓർമ്മ.

15 ശനി : പതിനഞ്ചുനോമ്പു വീടൽ. വി. മാതാവിന്റെ സ്വർഗ്ഗാരോഹണ പെരുന്നാൾ

19 ബുധൻ : ജോസഫ് മാർ പക്കോമിയോസ് മെത്രാപ്പോലീത്തായുടെ ഓർമ്മ

സെപ്റ്റംബർ

1 ചൊവ്വ : എട്ടുനോമ്പാരംഭം

### മാമോദീസ

1. വെട്ടീൽ ശ്രീ നവീൻ ഷെറി ലൂക്കോസിന്റെയും ശ്രീമതി സാറാ ലൂക്കോസിന്റെയും മകൾ അന്നയുടെ മാമോദീസ 5-7-2009 ൽ നടന്നു.
2. തറക്കുന്നേൽ ശ്രീ. തോമസ് ടി. വറുഗീസിന്റെയും ശ്രീമതി അച്ചു ശുഭ ഏബ്രഹാമിന്റെയും മകൻ വറുഗീസിന്റെ മാമോദീസാ 12-7-2009 ൽ നടന്നു.
3. വട്ടക്കുന്നേൽ ശ്രീ മനോജ് മാത്യുവിന്റെയും ശ്രീമതി ആൻസി തരകൻ തങ്കച്ചന്റെയും മകൾ അന്നയുടെ മാമോദീസാ 12-7-2009-ൽ നടന്നു.
4. പുത്തൻപുരക്കൽ ശ്രീ. ജോജി വറുഗീസിന്റെയും ശ്രീമതി ലൈജു ജോജിയുടെയും മകൾ മരിയയുടെ മാമോദീസാ 18-7-2009 ൽ നടന്നു.

*ഈ പൈതങ്ങൾക്ക് ദൈവകൃപ ആശംസിക്കുന്നു!*

### വിവാഹം

പാലാരിവട്ടം പടിഞ്ഞാറേതലയ്ക്കൽ ശ്രീ. ജേക്കബ് ചെറിയാന്റെയും ശ്രീമതി സുജാതചെറിയാന്റെയും മകൻ **ചെറിയാൻ ഈപ്പനും**, ആലുവ വടക്കേതിൽ ശ്രീ. മത്തായി ശാമുവേലിന്റെയും ശ്രീമതി സൂസി ശാമുവേലിന്റെയും മകൾ **സ്മിതാ ആനി ശാമുവേലും** തമ്മിലുള്ള വിവാഹം 6-7-2009 ൽ കത്തീഡ്രലിൽ അഭിവന്ദ്യ പൗലോസ് മാർ പക്കോമിയോസ് മെത്രാപ്പോലീത്തായുടെ കാർമ്മികത്വത്തിൽ നടന്നു.



Marriage of **Thomas**, S/o Sri.Joseph P Kurian & Sheela, Pallivathukal, Banerjee Road and **Libby,** D/o Dr. Kenneth Davidson & Mrs. Susan Pitts, Southampton,UK, was held on Saturday, the 18th July 2009 at 1 pm in the Chapel of St. Mary Undercroft, Palace of Westminster, London.

*വധൂവരന്മാർക്ക് മംഗളാശംസകൾ!*

### അഭിനന്ദനങ്ങൾ



കേരളാ ഹൈക്കോടതി ജോയിന്റ് രജിസ്ട്രാറായി നമ്മുടെ ഇടവകാംഗം **ശ്രീ. ചാർലി സൈമൺ. പി.** നിയമിതനായി. കുന്നംകുളം പെങ്ങാമുക്ക് സ്വദേശിയായ അദ്ദേഹം പുലിക്കോട്ടിൽ പരേതനായ സൈമണിന്റെയും സൂസന്ന ടീച്ചറിന്റെയും മകനാണ്. കത്തീഡ്രൽ ക്വയർ അംഗമായ ശ്രീമതി ബീന സഹധർമ്മിണിയാണ്.



ജനറൽ ആശുപത്രി കാൻസർ വാർഡിലേക്കു നൽകുന്ന മരുന്നുകളുടെ ജൂലൈ മാസത്തെ വിതരണം, വികാരി ഫാ. ഒ.വി. ഏലിയാസ്. അസി. വികാരി ഫാ. പി.ഐ. വർഗ്ഗീസ്, ഫാ. പ്രിൻസ് മാത്യു എന്നിവർ നിർവ്വഹിച്ചപ്പോൾ. കാൻസർ വാർഡിലെ ഡോ. റോസി മരുന്ന് ഏറ്റുവാങ്ങുന്നു.

## ദൈവം വഴികാട്ടുന്നു.

**ജോർജ്ജ് നിക്സൻ, താച്ചയിൽ**

ദൈവം അബ്രഹാമിനോടും മോശയോടും മറ്റും നേരിട്ട് സംസാരിച്ചതായി വേദപുസ്തകത്തിൽ പറയുന്നു. ഭക്തജനങ്ങളോട് അന്ന് ദൈവം നേരിട്ട് സംസാരിച്ചിരുന്നെങ്കിൽ ഇന്നെന്തുകൊണ്ട് സംസാരിക്കുന്നില്ല എന്ന് ചിലർ ചോദിക്കാറുണ്ട്. ഇന്നു ദൈവത്തിന്റെ ശബ്ദം ശ്രദ്ധിക്കുന്നവർ വളരെ കുറവാണ് എന്നാണ് അതിന്റെ മറുപടി. ദൈവം തന്റെ മക്കൾക്ക് വഴികാണിച്ചുകൊടുക്കുന്നു. പക്ഷേ നമ്മൾ പലരും ഈ വഴിക്ക് കാത്തുനിൽക്കാറില്ല. അതിന് ആർക്കും സമയമില്ല. കാരണം എല്ലാവരും ഭയങ്കര തിരക്കുള്ളവരായിത്തീർന്നിരിക്കുന്നു. അതിന്റെ ഇടയിൽ ദൈവത്തെ ഓർക്കുവാനോ, ദൈവത്തിന്റെ വഴിക്ക് നടക്കുവാനോ ആർക്കും വയ്യ എന്നുവേണം പറയാൻ. ഇതുപോലെ തിരക്കിൽ ഓടിക്കൊണ്ടിരിക്കുന്ന നമുക്ക് ദൈവത്തിന്റെ ആലോചന കേൾക്കുവാനോ ഒന്നും സമയമില്ല. ദൈവത്തെ മറന്നുകൊണ്ടുള്ള ജീവിതം നാശകരമായ അന്ത്യത്തിൽ എത്തിച്ചേരും എന്നുള്ളകാര്യം നമ്മൾ ഓർത്തുകൊള്ളുക. ദൈവം തന്റെ മക്കൾക്ക് മറുപടി നൽകാതിരിക്കില്ല. ചിലപ്പോൾ നമ്മൾ പ്രതീക്ഷിക്കുന്ന മറുപടി അല്ലായിരിക്കും കിട്ടുന്നത്. ചോദിക്കുന്നതെല്ലാം തരുന്ന ഒരു അക്ഷയപാത്രമായി മാത്രം ദൈവത്തെ കണക്കാക്കുന്നവർക്ക് നിരാശപ്പെടേണ്ടിവരും. നിശ്ചിതമായ കാര്യങ്ങൾ അനുസരിച്ച് ദൈവം വഴികാണിച്ചുതരുന്നു. നമ്മുടെ കൂട്ടുകാരെയും ജീവിതപങ്കാളിയെയും ദൈവം ഒരുക്കിത്തരുന്നു. പഴയസങ്കൽപ്പങ്ങളും വിശ്വാസങ്ങളും വിഡ്ഢിത്തമാണെന്ന് കരുതുന്ന ചിലർക്കെങ്കിലും നമ്മുടെ പൂർവ്വപിതാക്കന്മാർ കാണിച്ചുതന്ന വിശ്വാസത്തിന്റെ രീതി മനസ്സിലാക്കിക്കൊടുക്കുവാൻ പള്ളിക്കും, പട്ടക്കാർക്കും കഴിയണം. ഇടവക ജനങ്ങളുടെ പൂർണ്ണമായ സഹകരണം ഇങ്ങനെയുള്ള കാര്യങ്ങളിൽ പട്ടക്കാർക്കുണ്ടായിരിക്കുകയും വേണം. പള്ളിയിൽ പോകുക. ആരാധനയിൽ പങ്കെടുക്കുക. അനുഗ്രഹം പ്രാപിക്കുക.

Vicar Rev. Fr. O.V. ELIAS - **Mob: 94461 28070**
Asst. Vicar Rev. Fr. P.I. VARGHESE - **Mob: 94473 64119**
Asst. Vicar Rev. Fr. PRINCE MATHEWS - **Mob: 94474 56456**

Editorial Board: P.T. John(98951 43625), K.K. George (94470 40484),
Mammen Abraham (94473 68886) & Suma Mathew (98460 25711) Design: Cornet, Cochin
**Edited & Published by:** K.K. George for **St. Mary's Orthodox Cathedral, Ernakulam. Phone : 0484-2352490, 2365827**
***Website: www.stmarysorthodoxcathedralekm.org Email: georgekaithayil@yahoo.com***

***For Private Circulation only***